LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കെട്ടിടനിർമ്മാണം

301(3188) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾ പൂർത്തീകരിക്കാത്തതുമൂലം അദ്ധ്യയനത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത എത്ര പദ്ധതികൾ ഉണ്ടെന്നും അവ പൂർത്തിയാക്കാൻ എത്ര തുക വേണ്ടിവരുമെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പേരുവിവരങ്ങളും അവയ്ക്കാവശ്യമായ തുകയും പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ

302(3189) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര ഗവൺമെന്റ് ക്വാർട്ടേഴ്സുകൾ നിലവിലുണ്ട്; ഗസറ്റഡ് ഓഫീസർ ക്വാർട്ടേഴ്സ് , നോൺ ഗസറ്റഡ് ഓഫീസർ ക്വാർട്ടേഴ്സ് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്വാർട്ടേഴ്സുകളിലെ അനധികൃത താമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.